**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടി**

തീയതി 19/10/2012, തിരുവനന്തപുരം,

വിഷയം:- ഡയറക്ടറേറ്റ് ഓഫ് ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് - ജീവനക്കാര്യം - അഡീഷണൽ ജില്ലാ ആഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സീനിയർ റിസർച്ച് അസിസ്റ്റന്റ് / സ്ക്രൂട്ടിണി ആഫീസർ തസ്തികയിൽ പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) 05-06-2012 ലെ 1161 നമ്പർ പ്രകാരമുള്ള അസാധാരണ ഗസറ്റ്.
2) 26-02-2011 ലെ ജി.ഒ(പി) നമ്പർ.85/2011/ഫിൻ. നമ്പർ സർക്കാർ ഉത്തരവ്.
3) 18-10-2012 ലെ ജി.ഒ(ആർറ്റി) നം.400/12/പ്ലാനിംഗ് നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ.ഇബി(6) 19669/2012/ഡിഇഎസ്**

പരാമർശം (1) പ്രകാരം അഡീഷണൽ ജില്ലാ ആഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സീനിയർ റിസർച്ച് അസിസ്റ്റന്റ് / സ്ക്രൂട്ടിണി ആഫീസർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് സെലക്ട് ലിസ്റ്റിൽ നിലവിൽ സീനിയറായ ഉദ്യോഗസ്ഥന് 19240-500-21240-560- 24040-620-27140-680-29860-750-32860-820-34500 രൂപാ ശമ്പള സ്കെയിലിൽ അഡീഷണൽ ജില്ലാ ആഫീസർ / സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ / സീനിയർ റിസർച്ച് അസിസ്റ്റന്റ് / സ്ക്രൂട്ടിണി ആഫീസർ തസ്തികയിൽ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉദ്യോഗക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേരും ഇപ്പോഴത്തെ ആഫീസും | മാറ്റി നിയമിച്ച ആഫീസ് |
|---|---|---|
| 1 | ശ്രീ.പി.ഗംഗാധരൻ,<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ,<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ആഫീസ്,<br>തലശ്ശേരി, കണ്ണൂർ | അഡീഷണൽ ജില്ലാ ആഫീസർ,<br>ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്, തിരുവനന്തപുരം<br>(ശ്രീ.കെ.ശ്യാമിന് ഉദ്യോഗക്കയറ്റം നൽകിയ ഒഴിവ്) |

ഉദ്യോഗക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ ഉദ്യോഗക്കയറ്റ തസ്തികയിലെ ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട ഓപ്ഷൻ പരാമർശം (2) ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 41 പ്രകാരം ഒരു മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണ്. ആഫീസ് മേധാവി ഉദ്യോഗക്കയറ്റം വഴി നിയമനം നൽകിയിട്ടുള്ള ജീവനക്കാരനെ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിലോ, പകരം ജീവനക്കാരൻ ജോലിക്ക് ഹാജരാകുകയോ ഏതാണോ ആദ്യം എന്ന മുറക്ക് വിടുതൽ ചെയ്യേണ്ടതാണ്. കൂടാതെ ജീവനക്കാരനെ വിടുതൽ ചെയ്യുന്നതും / ജോലിയിൽ പ്രവേശിച്ചതുമായ വിവരങ്ങൾ യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
**വി.രാമചന്ദ്രൻ**
**ഡയറക്ടർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ്:-

1) അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ), കേരള തിരുവനന്തപുരം (ആമുഖകത്ത് സഹിതം).
2) പ്രിൻസിപ്പൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്, തിരുവനന്തപുരം (ആമുഖകത്ത് സഹിതം).
3) ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
4) ഡെപ്യൂട്ടി ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ്, ജില്ലാ ആഫീസ്, കണ്ണൂർ.
5) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
6) ബന്ധപ്പെട്ട ട്രഷറി ആഫീസർക്ക്.
7) എല്ലാ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റുമാർക്കും / സി.എ. മാർക്കും.
8) ഇ.എ(2) / ഗ്രഡേഷൻ സെൽ / അക്കൗണ്ട്സ്.
9) ഫയൽ / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സ്റ്റാറ്റിസ്റ്റിക്കൽ ആഫീസർ (അഡ്മിനിസ്ട്രേഷൻ)

VS/20/10